"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ പ്രവർത്തനം അവസാനിപ്പിച്ച പദ്ധതികളിലേയും വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങളിലേയും അധിക തസ്തികകളുടെ പുനർവിന്യാസം - പ്രവൃത്തി പഠനത്തിനും പരിശോധനയ്ക്കുമായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ എ.ആർ, എ.വി.സി വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-6) വകുപ്പ്**

സ.ഉ.(സാധാ) നം.115/2021/ഉ.ഭ.പ.വ തീയതി,തിരുവനന്തപുരം, 17/08/2021

പരാമർശം:- 05.11.2020-ലെ സ.ഉ(അ)നം.152/2020/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച വ്യയനിയന്ത്രണ നിർദ്ദേശങ്ങളിൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ പ്രവർത്തനം അവസാനിപ്പിച്ച പദ്ധതികളിൽ നിയമിച്ച ജീവനക്കാരുടെ പുനർവിന്യാസവും, ഇ-ഓഫീസ്, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകളുടെ പുനർവിന്യാസവും ഓഫീസ് അറ്റൻഡന്റ് തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതിനും പൊതുമരാമത്ത് , ജലവിഭവ വകുപ്പുകൾ വാട്ടർ അതോറിറ്റി തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ സാങ്കേതിക സൗകര്യങ്ങൾ കൂടുതൽ ഉപയോഗിച്ച് വരുന്നതിനാൽ സാങ്കേതികവിഭാഗം ജീവനക്കാർക്ക് ചെയ്യാവുന്ന കാര്യങ്ങൾ തന്നെ ഇരട്ടിപ്പായി ചെയ്തുവരുന്ന ടൈപ്പിസ്റ്റ് തുടങ്ങിയ ക്ലറിക്കൽ തസ്തികകളുടെ എണ്ണം കണ്ടെത്തി പുനർവിന്യസിപ്പിക്കുന്നതിനും, ക്ഷേമനിധികൾ, കമ്മീഷനുകൾ, അതോറിറ്റികൾ, സൊസൈറ്റികളായി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടങ്ങി ഒരേ മേഖലയിൽ പൊതുവായി ഒരേ തരത്തിലുള്ള വികസന സേവന ഉദ്ദേശങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സാങ്കേതികമായി പുനസംഘടിപ്പിച്ച് ഒറ്റ ഭരണ സംവിധാനമാക്കി മാറ്റുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്

മേൽ സാഹചര്യത്തിൽ, പരാമർശം ഉത്തരവിലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിന്മേലുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഈ വകുപ്പിലെ പത്ത് പ്രവൃത്തി പഠനസംഘങ്ങളേയും (എ.ആർ 1 മുതൽ 10 വരെ) ആറ് പരിശോധനാ സംഘങ്ങളേയും (എ.വി.സി 1 മുതൽ 6 വരെ) ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ വിഷയങ്ങളിൽ വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി പതിനാറ് സംഘങ്ങൾക്കും താഴെപ്പറയുന്ന ക്രമത്തിൽ വിവിധ വകുപ്പുകളുടെ ചുമതല വിഭജിച്ച് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനമ്പർ | സെക്ഷൻ | വകുപ്പ് |
|---|---|---|
| 1 | എ.ആർ-1 | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| 2 | എ.ആർ-2 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 3 | എ.ആർ-3 | വനിതാ ശിശുവികസന വകുപ്പ് |
| 4 | എ.ആർ-4 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്<br>നോർക്ക |
| 5 | എ.ആർ-5 | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്<br>ഇലക്ഷൻ വകുപ്പ് |
| 6 | എ.ആർ-6 | പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സൈനിക ക്ഷേമ വകുപ്പ്<br>വിജിലൻസ് വകുപ്പ് |
| 7 | എ.ആർ-7 | ജലവിഭവ വകുപ്പ്<br>കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്<br>കായിക യുവജനകാര്യ വകുപ്പ് |
| 8 | എ.ആർ-8 | തൊഴിലും നൈപുണ്യവും വകുപ്പ്<br>ആഭ്യന്തര വകുപ്പ്<br>ഊർജ്ജ വകുപ്പ്<br>പാർലമെന്ററി കാര്യ വകുപ്പ് |
| 9 | എ.ആർ-9 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്<br>ദുരന്ത നിവാരണ വകുപ്പ് |
| 10 | എ.ആർ-10 | മൃഗസംരക്ഷണം & ക്ഷീര വികസനം<br>ഹൗസിംഗ് വകുപ്പ്<br>നിയമ വകുപ്പ്<br>റവന്യൂ വകുപ്പ് |
| 11 | എ.വി.സി-1 | പൊതുവിദ്യാഭ്യാസ വകുപ്പ്<br>ഉന്നത വിദ്യാഭ്യാസ വകുപ്പ് |

| | | |
|---|---|---|
| 12 | എ.വി.സി-2 | ഭക്ഷ്യ പൊതുവിതരണ വകുപ്പ് & ഉപഭോക്തൃകാര്യ വകുപ്പ്<br>ന്യൂനപക്ഷ ക്ഷേമ വകുപ്പ്<br>നികുതി വകുപ്പ്<br>വിവര പൊതുജന സമ്പർക്ക വകുപ്പ് |
| 13 | എ.വി.സി-3 | സാമൂഹ്യനീതി വകുപ്പ്<br>ധനവകുപ്പ്<br>ആയുഷ് വകുപ്പ്<br>പൊതുമരാമത്ത് വകുപ്പ് |
| 14 | എ.വി.സി-4 | സഹകരണ വകുപ്പ്<br>സാംസ്കാരികകാര്യ വകുപ്പ്<br>പരിസ്ഥിതി വകുപ്പ്<br>ശാസ്ത്രസാങ്കേതിക വകുപ്പ് |
| 15 | എ.വി.സി-5 | മത്സ്യബന്ധന-തുറമുഖ വകുപ്പ്<br>വനം വന്യജീവി വകുപ്പ്<br>വിനോദസഞ്ചാര വകുപ്പ് |
| 16 | എ.വി.സി-6 | വ്യവസായ വകുപ്പ്<br>ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ്<br>ഗതാഗത വകുപ്പ്<br>സ്റ്റോർസ് പർച്ചേസ് വകുപ്പ് |

പുനർവിന്യാസവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനായി തയ്യാറാക്കിയ പ്രഫോർമകൾ ഇതിനോടകം തന്നെ ധനകാര്യം, നിയമം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ വകുപ്പ തലവൻമാർക്കും അയച്ചു കൊടുത്തിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ചുമതല നൽകപ്പെട്ട പതിനാറ് സംഘങ്ങളും ഒരോ രണ്ടാഴ്ചയും നടപടികളുടെ പുരോഗതി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര എ.ആർ (6) വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 1 മുതൽ 10 വരെയും എ.വി.സി 1 മുതൽ 6 വരെയും) വകുപ്പുകൾക്ക്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ 1 മുതൽ 10 വരെയും എ.വി.സി 1 മുതൽ 6 വരെയും) വകുപ്പുകളുടെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/
ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറിമാർക്ക്
ധനകാര്യം , നിയമം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ധനകാര്യ (ബി.ഡി & ജി.ബി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ